**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5162** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ സ്ഥാപനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ പുതിയതായി ഒരു കോളേജ് ആരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഗുരുവായൂർ മണ്ഡലം എം.എൽ.എ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിൽ നിന്നും നീഡ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കുകയും കോളേജ് തുടങ്ങാൻ അനുയോജ്യമായ തൊഴി ലധിഷ്ഠിതമായ കോഴ്സുകൾ, കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം, സർക്കാരിന് ഉണ്ടായേക്കാവുന്ന സാമ്പത്തിക ബാധ്യത എന്നിവ സംബന്ധിച്ച് പഠനം നടത്തി വരുന്നു. |
| (ബി) | അസാപ്-ന്റെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | അസാപ്-ന്റെ ഭാഗമായി ഗുരുവായൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. നൈപുണ്യ വികസനത്തിനായി വിവിധ മേഖലകളിൽ അസാപ് നടത്തുന്ന തൊഴിലധിഷ്ഠിത പരിശീലനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ പഞ്ചായത്തുകൾ, കോളേജുകൾ, സോഷ്യൽ മീഡിയ എന്നിവ വഴി പൊതുസമൂഹത്തിൽ എത്തിച്ച് അനുയോജ്യമായ പരിശീലന പരിപാടികൾ നൽകി വരുന്നു. പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കു വേണ്ട നൈപുണ്യത്തെയും വൈദഗ്ധ്യത്തെയും സംബന്ധിച്ചും വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും, വ്യവസായ മേഖലകളിൽ നിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനുമായി എൽ എഫ് കോളേജിലും, എം.ഡി കോളേജിലും, ശ്രീകൃഷ്ണ കോളേജിലും അസാപ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, ഗുരുവായൂർ മണ്ഡലത്തിൽ ഉള്ള ശ്രീകൃഷ്ണ കോളേജിൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | ലഭ്യതയുള്ള അസാപിന്റെ ആഡ് ഓൺ കോഴ്സുകൾ നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ